യോഗ്യതകൾ നിശ്ചയിച്ചതിനാൽ ബന്ധപ്പെട്ട റൂൾസ് പരിശോധിച്ച നിയമസഭാ സമിതി പ്രസ്തുത റൂൾ റദ്ദ് ചെയ്ത് കേന്ദ്ര ചട്ടങ്ങൾക്ക് അനുസൃതമായി പുതിയ റൂൾസ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിക്കുകയും സർക്കാർ ആയത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയായി കേന്ദ്ര ചട്ടങ്ങൾക്കനുസൃതമായി സർക്കാർ പുതിയ കരട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരികയാണ്.

കയർ മേഖലയെ ശാക്തീകരിക്കുന്നതിന് സഹായം

178(3061) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ മേഖല ശാക്തീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കയർ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന "കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം" (Market Development Assistance-MDA) എന്ന പദ്ധതിക്ക് കേന്ദ്രത്തിൽനിന്നും വിഹിതം ലഭിച്ചു വരുന്നു. വിപണന വികസന ധനസഹായമായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50:50 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. കയറും കയറുൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കൽ, വിപണിവികസന പരിപാടി മുതലായവയ്ക്ക് നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര വിഹിതവും ചേർത്ത് പദ്ധതി വിഹിതം ഉപയോഗിക്കുന്നു.

കയർ മേഖലയ്ക്ക് ഊർജ്ജം നൽകുന്ന കർമ്മപദ്ധതികൾ

179(3062) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയ്ക്ക് ഊർജ്ജം നൽകുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുള്ള പദ്ധതികൾ തുടർന്നു വരുന്നതോടൊപ്പം കയർ മേഖലക്ക് ഊർജ്ജം നൽകുന്നതിനും സമഗ്ര വികസനവും മുന്നിൽ കണ്ടുകൊണ്ട് തൊണ്ട് സംഭരണത്തിനും ചകിരി ഉല്പാദനത്തിനും വേണ്ടി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 2010-ലും 2012-ലും തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയെങ്കിലും പ്രതീക്ഷിച്ച നേട്ടം ഈ മേഖലയിൽ കൈവരിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനും കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ബി) കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കി കയർ വ്യവസായം പരിപോഷിപ്പിക്കുന്നതിനുമാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

(സി) 5-2-2015-ലാണ് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയത്. കയർ വകുപ്പിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടും സംസ്ഥാനത്തെ കയർ മേഖലയിലെ സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രോജക്ട് തിരിച്ചും സെമിനാറുകൾ നടത്തി പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. കയർ വികസന ഡയറക്ടറുടെ നിയന്ത്രണത്തിൽ കയർ വികസന ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സെൽ ആണ് പദ്ധതിയുടെ പ്രവർത്തനം സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത്. പദ്ധതി പ്രകാരം രൂപീകരിക്കേണ്ട ചകിരി, കയർ എന്നിവയുടെ വിലനിർണ്ണയ സമിതി രൂപീകരിച്ചുകൊണ്ട് 12-10-2015-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. കമ്മിറ്റിയുടെ ആദ്യയോഗം 27-11-2015-ന് ആലപ്പുഴയിൽ വച്ച് കൂടുകയും പച്ചത്തൊണ്ടിൽനിന്നും ഉല്പാദിപ്പിക്കുന്ന ചകിരി ഒരു കിലോയ്ക്ക് 17 രൂപയായും ഉണക്കത്തൊണ്ടിൽനിന്നും ഉല്പാദിപ്പിക്കുന്ന ചകിരി ഒരു കിലോയ്ക്ക് 14 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. പദ്ധതിയിലെ മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള റിവോൾവിംഗ് ഫണ്ട് നൽകുന്നതിനും ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനുമായി 1,65,00,000 രൂപ 10 പ്രോജക്ട് ഓഫീസുകൾക്ക് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർ നടപടികളും സ്വീകരിച്ചുവരുന്നു.